"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.റിയാസ് പി.എ-യ്ക്ക് മലപ്പുറം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നതിനു അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.44/2025/TAXES തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:-

1. 02/12/1991-ലെ സ.ഉ(പി) നം.36/91/ഉ.ഭ.പ.വ
2. വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.റിയാസ് പി.എ സമർപ്പിച്ച അപേക്ഷ.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 11/12/2024- ലെ IGR/787/2024-E5 നമ്പർ കത്ത്.

**ഉത്തരവ്**

തന്റെ മകളും ഭാര്യയും ആസ്ത്മ സംബന്ധമായ അസുഖങ്ങൾ ഉള്ളവരാണെന്നും, അവർക്ക് നിരന്തര ചികിത്സ ആവശ്യമാണെന്നും, ആയതിന് കുടുംബത്തിലെ ഏക വരുമാന മാർഗമായ തന്റെ ശമ്പളം തികയുന്നില്ലെന്നും, വയനാട് ജില്ലയിലെ കാലാവസ്ഥ അവർക്ക് അനുകൂലമല്ലെന്നും, അതുകൊണ്ട് മറ്റ് ജില്ലയിലേക്ക് താമസം മാറുന്നതാണ് അവരുടെ സ്ഥിരമായ രോഗശമനത്തിന് വേണ്ടതെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുണ്ടെന്നും, ആയതിനാൽ മലപ്പുറം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള തന്റെ അപേക്ഷ പരിഗണിക്കണമെന്നപേക്ഷിച്ച് വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. റിയാസ്.പി.എ സമർപ്പിച്ച പരാമർശം (2) പ്രകാരമുള്ള അപേക്ഷ, ഒരു പ്രത്യേക കേസായി കണ്ട് മാനുഷിക പരിഗണന നൽകി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന ശുപാർശയോടെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ഭാര്യയുടെ അസുഖത്തെ സംബന്ധിച്ച് താലൂക്ക് ആശുപത്രിയിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റും ശ്രീ. റിയാസ് സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (1)- ലെ ഖണ്ഡിക 6 പ്രകാരം ഒരു വർഷം ജില്ലയിലുണ്ടാകുന്ന ഒഴിവുകളുടെ 10% മാത്രമേ അന്തർ ജില്ലാ സ്ഥലംമാറ്റം വഴി നികത്തുവാൻ കഴിയുകയുള്ളൂവെന്നും അതിനാൽ, ജില്ലാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒരു വർഷം 10 ഒഴിവുകൾ ഉണ്ടാകാറില്ലെന്നും, 2023 വർഷത്തിൽ മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആകെ 6 ഒഴിവുകളാണ് ഉണ്ടായിട്ടുള്ളതെന്നും 2024-ൽ ടി തസ്തികയിൽ 2 ഒഴിവുകളാണ് മലപ്പുറം ജില്ലയുള്ളതെന്നും ആയതിനാൽ നിലവിൽ ടി തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ഒരു ഒഴിവ് മാറ്റി വയ്ക്കുവാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്നും 2012 മുതൽ 2023 വരെ ജില്ലയിൽ ഉണ്ടായിട്ടുള്ള 50 ഓഫീസ് അറ്റൻഡന്റ് നിയമനങ്ങളിൽ ഒന്നിൽപോലും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടില്ലെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിദമായി പരിശോധിച്ചു. 2012 മുതൽ 2023 വരെ മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള 50 ഒഴിവുകളിൽ ഒന്നുപോലും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി അനുവദിച്ചിട്ടില്ലാത്തതിനാൽ, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്

പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 6-ലെ വ്യവസ്ഥയിൽ നിന്നും ഇളവ് നൽകി രജിസ്ട്രേഷൻ വകുപ്പിൽ മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിൽ വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.റിയാസ് പി.എ-യ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നതിനു അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
ജില്ലാ രജിസ്ട്രാർ,വയനാട് (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന).
ജില്ലാ രജിസ്ട്രാർ (ജനറൽ),മലപ്പുറം (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന).
ശ്രീ.റിയാസ് പി എ, ഓഫീസ് അറ്റൻഡന്റ്, ജില്ലാ രജിസ്ട്രാർ
ഓഫീസ്,വയനാട്(രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന).
പൊതുഭരണ(എസ്.സി)വകുപ്പ്. (ഇനം നം. 2937 തീയതി 07.05.2025 പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Praneesh M P
Date: 09-05-2025 14:53:15
സെക്ഷൻ ഓഫീസർ

പകർപ്പ് : - 1. ബഹ.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ബഹു. രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-05-2025

ഫയൽ നം. ഇ2/54/2024/നി.വ. ഇനം നം: 2937

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. റിയാസ് പി.എ.-യ്ക്ക് വയനാട് ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(E)
8/5/25
JS

2937

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | ഇ 2/54/2024/നി.വ |
| 2 | വകുപ്പ് | നികുതി (ഇ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് - രജിസ്ട്രേഷൻ - വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.റിയാസ് പി എ യ്ക്ക് വയനാട് ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 09/04/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, പി & എ.ആർ.ഡി. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.പ്രമോദ് എം വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16/04/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/04/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 30/04/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 5/5/2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | 7/5/2025 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

<u>**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**</u>

വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.റിയാസ് പി.എ. മലപ്പുറം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിന് ആധാരം.

2. 2012 മുതൽ 2023 വരെ മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ഉണ്ടായ 50 ഒഴിവിൽ ഒന്നിൽ പോലും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടില്ലെന്നത് പരിഗണിച്ച് മലപ്പുറം ജില്ലയിലേയ്ക്ക് നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.റിയാസ് പി.എ.യ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകാനാകുമോ എന്നതിൽ സ്പഷ്ടീകരണം നൽകണമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭ്യർത്ഥിക്കുകയുണ്ടായി. 02.12.1991-ലെ സ.ഉ.(പി) നം.36/91/ഉ.ഭ.പ.വ. ഉത്തരവിലെ 6-ാമത്തെ ഖണ്ഡിക പ്രകാരം ഒരു വർഷം ഒരു ജില്ലയിൽ ഒരു വകുപ്പിൽ ഒരു കാറ്റഗറി തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിന്റെ 10% മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നികത്താൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ശ്രീ.റിയാസ് പി.എ. വയനാട് ജില്ലയിൽ നിന്നുമുള്ള ആസ്ഥാന ഒഴിവിൽ 07.10.2015-ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. അന്തർ ജില്ലാ സ്ഥലം മാറ്റത്തിനുള്ള കാലയളവ് ടി ജില്ലയിൽ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാൻ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് യോഗ്യനാണ്.

3. മേൽ വിഷയത്തെ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടിയവേളയിൽ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

"ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച്, ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിൽ ചട്ടം 17(d)-യിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ളവയിലൊഴികെയുള്ള കാര്യങ്ങളിൽ, 02/12/1991-ലെ

സ.ഉ(പി)നം.36/91/ഉ.ഭ.പ.വ-യിലെ വ്യവസ്ഥകൾ ബാധകമാണ്. ടി ഉത്തരവിലെ ഖണ്ഡിക 6 പ്രകാരം അഞ്ചുവർഷ സേവന വ്യവസ്ഥയിൽ ഇളവ് അനുവദിക്കേണ്ട കേസുകളും, സൈനികരുടെ ആശ്രിതരുടെ കേസുകളും ഉൾപ്പെടെ ഒരു വർഷം ജില്ലയിലുണ്ടാകുന്ന ഒഴിവുകളുടെ 10% മാത്രമേ അന്തർ ജില്ലാ സ്ഥലംമാറ്റം വഴി നികത്തുവാൻ കഴിയുകയുള്ളൂ. അതിനാൽ, ഒരു വകുപ്പിൽ ജില്ലാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒരു വർഷം 10 ഒഴിവുകൾ ഉണ്ടാകാറില്ലായെന്നതിനാൽ, ടി തസ്തികയിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഉണ്ടാകുന്ന ആകെ ഒഴിവുകൾ കണക്കിലെടുത്ത് ആയതിന്റെ 10% അന്തർജില്ലാ സ്ഥലം മാറ്റത്തിന് നീക്കി വയ്ക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല എന്നറിയിയ്ക്കുന്നു.

എന്നാൽ, വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജില്ലാതലത്തിൽ ഒരു വർഷത്തിൽ 10 ഒഴിവുകൾ ഉണ്ടാകുന്നത് വളരെ വിരളമായിട്ടാണെന്നും, 2012 മുതൽ 2023 വരെ മലപ്പുറം ജില്ലയിൽ ഉണ്ടായ 50 ഒഴിവിൽ ഒന്നിൽ പോലും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടില്ലെന്നും, കൂടാതെ ശ്രീ.റിയാസിന്റെ സാഹചര്യങ്ങളും പരിഗണിച്ച് ടിയാന്റേത് അനുകമ്പാർഹമായ ഒരു കേസായി പരിഗണിക്കേണ്ടതുണ്ടെന്നു ഭരണവകുപ്പ് കരുതുന്ന പക്ഷം, 02/12/1991-ലെ സ.ഉ(പി)നം.36/91/ഉ.ഭ.പ.വ-യിലെ ഖണ്ഡിക 6-ലെ വ്യവസ്ഥയിൽ ഇളവ് നൽകി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിൽ ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് തേടി ടിയാന് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് ഭരണവകുപ്പിന് പരിഗണിക്കാവുന്നതാണ് എന്നറിയിയ്ക്കുന്നു. "

4. ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.റിയാസ് പി.എ. യുടെ അപേക്ഷ അനുകമ്പാർഹമായ ഒരു പ്രത്യേക കേസായി പരിഗണിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് റിപ്പോർട്ട് തേടുകയുണ്ടായി. തന്റെ മകളും ഭാര്യയും ആസ്ത്മ സംബന്ധമായ അസുഖങ്ങൾ ഉള്ളവരാണെന്നും, അവർക്ക് നിരന്തര ചികിത്സ ആവശ്യമാണെന്നും, ആയതിന് കുടുംബത്തിലെ ഏക വരുമാന മാർഗമായ തന്റെ ശമ്പളം തികയുന്നില്ലെന്നും,

വയനാട് ജില്ലയിലെ കാലാവസ്ഥ അവർക്ക് അനുകൂലമല്ലെന്നും, അതുകൊണ്ട് മറ്റ് ജില്ലയിലേക്ക് താമസം മാറുന്നതാണ് അവരുടെ സ്ഥിരമായ രോഗശമനത്തിന് വേണ്ടതെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുണ്ടെന്നും, ആയതിനാൽ തന്റെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപ്പീൽ അപേക്ഷ പരിഗണിക്കണമെന്നും അപേക്ഷിച്ച് ശ്രീ. റിയാസ് സമർപ്പിച്ച അപ്പീൽ അപേക്ഷ, ഒരു പ്രത്യേക കേസായി കണ്ട് മാനുഷിക പരിഗണന നൽകി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന ശുപാർശയോടെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഭാര്യയുടെ അസുഖത്തെ സംബന്ധിച്ച് താലൂക്ക് ആശുപത്രിയിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റും ശ്രീ. റിയാസ് സമർപ്പിച്ചിട്ടുണ്ട്.

5. 2023 വർഷത്തിൽ മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആകെ 6 ഒഴിവുകളാണ് ഉണ്ടായിട്ടുള്ളത്. 2024-ൽ ടി തസ്തികയിൽ 2 പ്രതീക്ഷിത ഒഴിവുകളാണ് മലപ്പുറം ജില്ലയ്ക്കുള്ളത്. ആയതിനാൽ നിലവിൽ ടി തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ഒരു ഒഴിവ് മാറ്റി വയ്ക്കുവാൻ പറ്റാത്ത സാഹചര്യമാണ്. 2012 മുതൽ 2020 വരെ ജില്ലയിൽ ഉണ്ടായിട്ടുള്ള 50 ഓഫീസ് അറ്റൻഡന്റ് നിയമനങ്ങളിൽ ഒന്നുപോലും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടില്ലെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

6. 2012 മുതൽ 2023 വരെ മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള 50 ഒഴിവുകളിൽ ഒന്നുപോലും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി അനുവദിച്ചിട്ടില്ലാത്തതിനാൽ ശ്രീ. റിയാസിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് 02/12/1991-ലെ സ.ഉ(പി)നം.36/91/ഉ.ഭ.പ.വ-യിലെ ഖണ്ഡിക 6-ലെ വ്യവസ്ഥയിൽ ഇളവ് നൽകി മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന

കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തിരുന്നു.

7. ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

2012 മുതൽ 2023 വരെ മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള 50 ഒഴിവുകളിൽ ഒന്നുപോലും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി അനുവദിച്ചിട്ടില്ലാത്തതിനാൽ, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് 02/12/1991-ലെ സ.ഉ(പി)നം.36/91/ഉ.ഭ.പ.വ-യിലെ ഖണ്ഡിക 6-ലെ വ്യവസ്ഥയിൽ ഇളവ് നൽകി മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിൽ ശ്രീ.റിയാസ് പി.എ.യ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാമോ?